ലക്കം 12

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## ക്രിസ്തുവിന്റെ ക്രൂശുമരണം

(മത്തായി. 27. മർക്കൊസ് - 15, ലൂക്കൊസ് - 23, യോഹന്നാൻ. 19 എന്നീ വേദഭാഗങ്ങളിൽ യേശുവിന്റെ ക്രൂശുമരണവും കഷ്ടപ്പാടുകളും സവിസ്തരം വിശദീകരിച്ചിട്ടുണ്ട്.)

റോമൻ പടയാളികളാൽ, യേശു ചാട്ടവാർ അടിക്കപ്പെട്ടവനായി, വഞ്ചിക്കപ്പെട്ട് മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ട്, സ്വന്തം വസ്ത്രംപോലും അവർ ചീട്ടിട്ടെടുത്തു. കുറ്റവാളികളെ വളരെ വേഗം എന്നാൽ അതിക്രൂരമായി വധിക്കുവാനുള്ള റോമാക്കാരുടെ ഒരു ഉപാധിയും ആയിരുന്നു ചാട്ടവാറടിയും ക്രൂശും. റോമൻ പടയാളികൾ തങ്ങളുടെ ചാട്ടവാറിന്റെ അറ്റത്തു തുകൽ കഷണങ്ങളും ഇരുമ്പുതുണ്ടുകളും ആടിന്റെ എല്ലിൻ കഷണങ്ങളും ബന്ധിപ്പിക്കാറുണ്ട്. ഇത്തരത്തിലുള്ള ചാട്ടവാർ കൊണ്ടുള്ള അടിയേറ്റ് യേശുവിന്റെ ശരീരം ആസകലം മുറിവേറ്റ് രക്തം ധാരധാരയായി ഒഴുകാൻ തുടങ്ങി. അതിക്രൂരമായ ചാട്ടവാറടി തുടർന്നപ്പോൾ യേശുവിന്റെ ശരീരത്തിലെ മാസം മിക്കവാറും അടർന്നുപോയി കഴിഞ്ഞിരുന്നു.

മുറിവേറ്റ യേശുവിനെ അവർ പരിഹസിച്ചുകൊണ്ട് അവരുടെ ക്രൂര വിനോദം തുടർന്നു. മുള്ളുകൊണ്ട് ഒരു കിരീടമുണ്ടാക്കി തലയിൽ അമർത്തി രക്താംബരം ഉടുപ്പിച്ചു.



മുള്ള് പാപത്തെയാണ് തിരുവചനത്തിൽ പ്രതിനിധീകരിക്കുന്നത്. അതിനാൽ ലോകപാപത്തെ അവൻ വഹിച്ചു. അവനെ മുഷ്ടി ചുരുട്ടി കുത്തി യഹൂദന്മാരുടെ രാജാവേ നിന്നെ അടിച്ചതാര് പറക എന്നു പരിഹസിച്ചാർത്തു. അവന്റെ മുഖത്തു തുപ്പി. അന്നത്തെ ചട്ടമനുസരിച്ച് അത്തരത്തിലുള്ള ഒരു ഭാരമേറിയ ക്രൂശിന്റെ ആവശ്യമില്ലാതിരുന്നിട്ടും അവർ 75 മുതൽ 125 വരെ പൗണ്ട് തൂക്കമുള്ള ഭാരമേറിയ മരക്കുരിശ് ചുമപ്പിച്ചു. അങ്ങനെ അവർ യേശുവിനെ ഗോൽഗാഥയിലേക്ക് കൊണ്ടുപോയി. ഭാരമേറിയ ക്രൂശ് ചുമക്കാൻ കഴിയാതെ വളരെ അവശനായി ഇടറി വീണുപോയ യേശുവിന്റെ ക്രൂശ് അല്പനേരത്തേക്കെങ്കിലും ചുമക്കാൻ ശീമോൻ എന്നു പേരുള്ള ഒരു മനുഷ്യൻ നിർബന്ധിതനായി.

രാവിലെ 9 മണിസമയം (മൂന്നാംമണി നേരം) യേശുവിന്റെ ഇരുകരങ്ങളും ഇരുമ്പാണികളാൽ ക്രൂശിൽ തറച്ചു. നസറായനായ യേശു യഹൂദന്മാരുടെ രാജാവ് എന്നൊരു മേലെഴുത്ത് ക്രൂശിന് മുകളിലായി എഴുതിവച്ചു. കാലുകളും തറക്കപ്പെട്ടവനായി ക്രൂശ് ഉയർത്തിവച്ചു.


| | | | | |
|---|---|---|---|---|
| പത്രാധിപലേഖനം | ബൈബിൾ പഠനം: തിരുവത്താഴം | ബൈബിൾ പഠന ഉപപാഠം: തിരുവത്താഴം | ചോദ്യവും ഉത്തരവും. | നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് |
| പേജ് 3 | പേജ് 4 | പേജ് 5, 6 | പേജ് 7 | പേജ് 8 |

# ബൈബിൾ
## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

ശിക്ഷാരീതിയിൽ ഏറ്റവും വേദനാജനകവും, നിന്ദ്യവുമായ ശിക്ഷ ക്രൂശീകരണം തന്നെ. അടിമകൾക്കും, അന്യജാതിക്കാർക്കും വഞ്ചനാക്കുറ്റമുള്ള മഹാകുറ്റവാളികൾക്കാണിതു വിധിച്ചിരുന്നത്. ഇരുവശങ്ങളിലായി രണ്ട് കള്ളന്മാരെകൂടി ക്രൂശിച്ചിരുന്നു.

ശാരീരികമായും മാനസികമായും തകർന്ന അവസ്ഥയിൽ ക്രൂശിൽ തൂങ്ങിക്കിടക്കുന്ന അവസരത്തിലും യേശു അവിടെ കൂടി നിന്നിരുന്ന ജനത്തെ നോക്കി പ്രാർത്ഥിച്ചു. "പിതാവേ ഇവർ ചെയ്യുന്നതെന്ത് എന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ."

തന്നെ വിടുവിക്കുവാൻ ദൂതന്മാരെ വിളിക്കുവാൻ അധികാരമുണ്ടായിരുന്നിട്ടും യേശു സ്വമനസ്സാലെ തന്നെത്താൻ സമർപ്പിച്ചുകൊണ്ട് മനുഷ്യവർഗ്ഗത്തോടുള്ള തന്റെ ആഴമേറിയ സ്നേഹം വെളിപ്പെടുത്തുകയായിരുന്നു. നേരം സന്ധ്യയായപ്പോൾ (ആറാംമണി നേരം) സൂര്യൻ മറഞ്ഞുപോയി സർവ്വലോകവും ഏകദേശം മൂന്നു മണിക്കൂറോളം ഇരുണ്ടുപോയി.

മൂന്നാണികളിൽ ദേഹം തൂങ്ങിക്കിടന്നു. ശ്വസിക്കുവാൻ തന്റെ ശരീരം മുഴുവൻ ഉയർത്തി പ്രയാസത്തോടെ മാത്രമേ കഴിയുമായിരുന്നുള്ളു. അല്പസമയത്തിനുള്ളിൽ തന്നെ ശരീരത്തിലുള്ള മാംസപേശികൾ വലിഞ്ഞുമുറുകി രക്തധമനികൾ പൊട്ടി സാവധാനം മരണത്തിലേക്ക് വഴുതി വീഴുകയാണ് ചെയ്യുന്നത്.

ഇരുട്ട് പരന്നു ഏകദേശം 3 മണിക്ക്, (ഒൻപതാം മണിനേരം) യേശു ഉറക്കെ നിലവിളിച്ചു. "പിതാവേ, എന്റെ ആത്മാവിനെ തിരുക്കരത്തിൽ ഏല്പിക്കുന്നു. എന്നു പറഞ്ഞു പ്രാണനെ വിട്ടു". ഉടനെ ദേവാലയത്തിന്റെ തിരശീല മുകൾ മുതൽ താഴെ വരെ രണ്ടായി കീറപ്പെട്ടു. വലിയ ഭൂകമ്പം ഉണ്ടായി. ഏവർക്കും വിമോചനം നൽകികൊണ്ട് പുത്രന്റെ മരണം മുഖാന്തരം പിതാവിങ്കലേക്ക് പ്രവേശനം സാധ്യമായി.

യേശുവിന്റെ പ്രായശ്ചിത്ത മരണം മുഖാന്തരം ഏവരുടേയും രക്ഷാമാർഗ്ഗം തുറന്നു. മശീഹായുടെ മരണം തന്റെ വിജയമായി പിശാച് ചിന്തിച്ചു. എന്നാൽ ഞായറാഴ്ച ആഗതമായി. യേശു ഉയർത്തെഴുന്നേറ്റു ഇന്നും എന്നേക്കും നമുക്കായി അവൻ ജീവിക്കുന്നു.

MWS

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www.thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്



# പത്രാധിപലേഖനം

ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ ഒഴിഞ്ഞുകടന്നുപോകും. ബാധ നിങ്ങൾക്ക് നാശഹേതുവായിത്തീരുകയില്ല. (പുറപ്പാട് 12:13)

ആ രക്തത്തിനായി ദൈവത്തിന് നന്ദി അർപ്പിക്കുന്നു. മിസ്രയിമിലായിരുന്നപ്പോഴുണ്ടായിരുന്ന യിസ്രായേൽ മക്കളുടെ വീടുകളിലെ കട്ടളമേലും കുറുമ്പടിമേലും രക്തം കണ്ടപ്പോൾ സംഹാരദൂതൻ കടന്നുപോയി. ദൈവത്തിന്റെ ന്യായവിസ്താര സന്ദർഭത്തിൽ തന്റെ പുത്രനായ ക്രിസ്തുവിന്റെ രക്തം നമ്മിൽ കാണുമ്പോൾ നാമും നിത്യമരണത്തിൽ നിന്നും രക്ഷപ്രാപിക്കും.

പാപത്തിന്റെ ആഴമേറിയ പടുകുഴിയിൽ നിന്നും രക്ഷിക്കുവാൻ തക്കവണ്ണം ശക്തിമത്തായ ഒന്നാണ് യേശുവിന്റെ രക്തം. ഒരു വ്യക്തി ജഡത്തിന്റെ ശക്തിയാൽ പാപത്തിന് അടിമപ്പെട്ടുപോകുമ്പോൾ, പരിശുദ്ധിയോടുകൂടി ജീവിക്കുവാൻ സാധ്യമല്ലെന്ന് കരുതരുത്. കാരണം ഏതു മഹാപാപിയേയും വിശുദ്ധീകരിക്കുവാൻ മതിയായതാണ് യേശുവിന്റെ രക്തം. ഏകദേശം 2000 വർഷങ്ങൾക്കു മുൻപായിരുന്നു യേശുവിന്റെ ക്രൂശുമരണമെങ്കിലും ആ രക്തത്തിന്റെ ശക്തി തെല്ലും കുറഞ്ഞിട്ടില്ല.

ഇത്തവണത്തെ പംക്തിയിൽ ക്രിസ്തു തന്റെ സഭയ്ക്ക് നൽകിയിട്ടുള്ള വിശുദ്ധ അനുഷ്ഠാനങ്ങളിൽ ഒന്നായ തിരുവത്താഴത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. പാപത്തിന്റെ പ്രായശ്ചിത്തമായി മൃഗങ്ങളെ യാഗം കഴിക്കുന്ന സമ്പ്രദായം പഴയനിയമത്തിലുണ്ടായിരുന്നു. കാളകളുടെയും ആട്ടുകൊറ്റന്റേയും രക്തം മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരമാവില്ലായിരുന്നു. (എബ്രാ.10:4) പാപത്തിന്റെ അന്ധകാരശക്തിയിൽ നിന്നും സ്വതന്ത്രരാകുവാൻ കാൽവരി ക്രൂശിൽ യേശു സ്വയം പരിത്യജിച്ച് ഒഴുക്കിയ പുണ്യാഹ രക്തം മതിയായതാണ്. മിക്ക സന്ദർഭങ്ങളിലും ഞാൻ തിരുവത്താഴ ശുശ്രൂഷയിൽ പങ്കുകൊള്ളുമ്പോൾ യേശുവിന്റെ ക്രൂശിലെ മഹാത്യാഗത്തെ ഓർത്തു എന്റെ കണ്ണുകൾ നിറയാറുണ്ട്. തന്റെ സ്നേഹം എത്രയോ അഗാധമാണ്. നമ്മുടെ രക്ഷയ്ക്ക് ആവശ്യമായ വില മുഴുവനും താൻ ക്രൂശിൽ നൽകിക്കഴിഞ്ഞു.

യേശുവിന്റെ ജനനത്തോടനുബന്ധിച്ച് ക്രിസ്തുമസ്സ് ആഘോഷങ്ങൾക്കും മറ്റും ഈ ലോകം അമിതപ്രാധാന്യം നൽകാറുണ്ട്. യഥാർത്ഥത്തിൽ യേശുവിന്റെ ജനനം ഡിസംബറിൽ ആണെന്ന് കരുതുവാൻ മതിയായ തെളിവുകളില്ലെന്ന് മാത്രമല്ല, തന്റെ ജനനദിവസം ആഘോഷിക്കുവാൻ യേശു നിർദ്ദേശിച്ചിട്ടുമില്ല. അതിനാൽ പ്രസ്തുത ആഘോഷങ്ങളൊന്നും യോഗ്യമല്ല, അതേസമയം യേശു തന്റെ മരണത്തെ ഓർക്കുവാനും പ്രസ്തുത സ്മരണ പുതുക്കുവാനുള്ള തിരുവത്താഴ ശുശ്രൂഷ ആചരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഒരു പ്രത്യേക സമയമോ സന്ദർഭമോ ബൈബിൾ അനുശാസിക്കുന്നില്ലെങ്കിലും പ്രാദേശികസഭയുടെ സൗകര്യാർത്ഥം ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായ പുനരുത്ഥാന ഞായറാഴ്ചയാകാം.

പാരമ്പര്യവും പ്രതീകാത്മകതയും തിരുവത്താഴ ശുശ്രൂഷയിൽ വളരെ പ്രധാനപ്പെട്ടവയാണ്. ഈ ശുശ്രൂഷയിൽ പങ്കുകൊള്ളുന്നവരിൽ ഭൂരിപക്ഷം പേരും ഒരേ പാനപാത്രത്തിൽനിന്നും കുടിക്കുവാൻ തൽപ്പരരല്ല. ഓരോരുത്തർക്കും ഓരോ പാനപാത്രമാണ് അഭികാമ്യമെന്ന് എനിക്കറിയാം. എല്ലാവരും കൂടി ഒരേ പാനപാത്രത്തിൽ നിന്നും കുടിച്ചതിനാൽ രോഗികളായിത്തീർന്നിട്ടുള്ള ആരേയും എനിക്കറിയില്ല. പലവിധ അസുഖമുള്ള കൂട്ടരുമായി ഒത്തുചേർന്ന് പാനം ചെയ്തിട്ടുള്ള എനിക്ക് ഒരു അസുഖവുമുണ്ടായിട്ടില്ല.

ബൈബിളിൽ തിരുവത്താഴത്തിന് മുന്തിരി രസമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ അതൊരു പ്രതീകാത്മക പദാർത്ഥം മാത്രമാണ്. മുന്തിരി ഇല്ലാത്ത ചില സ്ഥലങ്ങളിൽ ഞാൻ സന്ദർശിച്ചിട്ടുണ്ട്. മുന്തിര ലഭ്യമല്ല എന്ന ന്യായീകരണം ഉന്നയിച്ച് ഈ ശുശ്രൂഷ നടത്താതിരിക്കുന്നതിനെക്കാൾ എത്രയോ നല്ലതാണ് ലഭ്യമായ പാനീയം ഇതിനായി ഉപയോഗിച്ച് നടത്തുന്നത്. ഒരിക്കൽ കടുത്ത നിറമുള്ള സോഡാപോലും ഞങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത ശുശ്രൂഷയെ ദൈവം മാനിച്ചുഎന്ന് ഞാൻ വിശ്വസിക്കുന്നു.

കർത്താവിന്റെ ക്രൂശുമരണത്താൽ പങ്കാളികളായിത്തീരുന്ന പ്രസ്തുത ശുശ്രൂഷയിൽ പങ്കുകൊള്ളുന്നതും ഇതിന്റെ ഭാഗമാകുന്നതും വളരെ അനുഗ്രഹിക്കപ്പെട്ട അനുഭവമത്രെ. ''കർത്താവേ, ഞങ്ങൾ നിന്റെ ക്രൂശുമരണത്തിന്റെ കൂട്ടായ്മ ആചരിക്കുന്നു.....''

എന്ന്,
കർത്തൃശുശ്രൂഷയിൽ

**മൈക്കിൾ ഡബ്ല്യു സ്മിത്ത്**



# ബൈബിൾ പഠന സഹായി

## വിഷയം: തിരുവത്താഴ അനുഷ്ഠാനം

**തിരുവചനഭാഗം :** നിങ്ങൾ ഈ പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ഈ അപ്പം തിന്നുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. (1 കൊരി. 11:26)

**രത്നചുരുക്കം :** മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ വീണ്ടെടുപ്പിനായി കാൽവറിയിൽ തകർക്കപ്പെടുകയും രക്തം ചൊരിഞ്ഞ് മരിച്ച് യേശുവിന്റെ ത്യാഗോജ്ജ്വല മരണത്തിന്റെ സ്മരണയ്ക്കായി സ്ഥാപിക്കപ്പെട്ട വിശുദ്ധകർമ്മമാണ് തിരുവത്താഴം.

**വായനാഭാഗം:** മത്തായി 26:17-30, 1 കൊരി. 11:20-34 (ലൂക്കൊസ്. 22: 7-22, മർക്കൊസ് 14:12-26)

**I പെസഹയിലൂടെ സ്ഥാപിക്കപ്പെട്ടു**

A പുറപ്പാട്. 12:12-15 - മിസ്രയീമിലെ പെസഹ

B മത്തായി. 26:17-20 പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാൾ

C ലൂക്കൊസ് 22: 7-16 പെസഹായുടെ തയ്യാറെടുപ്പ്

**II ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടു**

A മത്തായി. 26:26-29 യേശു ശിഷ്യന്മാർക്കായി നിർദ്ദേശിച്ചു.

B 1 കൊരിന്ത്യർ 11: 23- ക്രിസ്തുവിന്റെ സ്വീകാര്യത

**III തിരുവത്താഴത്തിന്റെ ഉദ്ദേശം**

A പുതിയ നിയമത്തിന്റെ സ്മരണ

B 1 കൊരിന്ത്യർ. 11: 24ബി, 25 ബി "എന്റെ ഓർമ്മക്കായി"

C 1 കൊരി. 11:26 യേശുവിൻ മരണത്തിന്റെ പ്രദർശനം

**IV അപ്പം പ്രതിനിധീകരിക്കുന്നത്.**

A മത്തായി. 26:26 ക്രിസ്തുവിന്റെ ശരീരം

B 1 കൊരി: 11: 24. തകർക്കപ്പെട്ട ക്രിസ്തുവിന്റെ ശരീരം

C 1 കൊരി 10:17 സഭ. - ക്രിസ്തുവിന്റെ ശരീരം

D 1 കൊരി. 5:6-8 - പുളിപ്പില്ലാത്ത അപ്പം

**V മുന്തിരി രസം പ്രതിനിധീകരിക്കുന്നത്**

A മത്തായി 26:28-29 - ക്രിസ്തു ചൊരിഞ്ഞ രക്തം

B 1 കൊരി 10:16 - രക്തവുമായുള്ള കൂട്ടായ്മ

C 1 കൊരി 12:13 - ഒരേ ആത്മാവിലുള്ള പാനം

**VI തിരുവത്താഴത്തിന്റെ യഥാർത്ഥ പൊരുൾ**

A മർക്കൊസ്. 14:22, യേശു അപ്പം എടുത്തു, ആശീർവ്വദിച്ചു. നുറുക്കി കൊടുത്തു.

B മർക്കൊസ് 14: 23, യേശു പാനപാത്രം എടുത്തു, നന്ദി അർപ്പിച്ചു. കുടിക്കുവാൻ അവർക്ക് കൊടുത്തു,അവരെല്ലാവരും അതിൽനിന്നു കുടിച്ചു.

C 1 കൊരി. 11:23-26 വായിച്ചാലും

**VII തിരുവത്താഴത്തിന്റെ ഉപസംഹാരം**

A മത്തായി 26:30 അവർ സ്തോത്രം പാടി

B മർക്കൊസ് - എ: 26 ഗീതം ആലപിച്ചശേഷം പുറപ്പെട്ടുപോയി.

**VIII കൊരിന്തിൽ തിരുവത്താഴം ദുരുപയോഗം ചെയ്യപ്പെട്ടു.**

I കൊരി: 11:20-22, 34, ആത്മീക ഭക്ഷണത്തേക്കാൾ പ്രാധാന്യം സഭ അക്ഷരീക ആഹാരത്തിന് കൊടുത്തു.

**IX വിശ്വാസികൾക്കായുള്ള ആചാരം**

A 1 കൊരി. 11:27-28. തന്നെത്താൻ ശോധന ചെയ്യുക

B 1 കൊരി 11:29-32 - പരിണിത ഫലങ്ങൾ

**X സഭ സംരക്ഷിക്കപ്പെടേണ്ടിയ ആചാരങ്ങൾ**

A മത്തായി. 28:20 കല്പിച്ചതൊക്കെയും പ്രമാണിക്കുക

B 1 കൊരി: 11:2 ആചാരങ്ങൾ പാലിക്കുക

C 1 കൊരി. 11: 25 ചെയ്യുവീൻ

**ഉപസംഹാരം**

മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്യുവാൻ. 1 കൊരി: 11: 28



### പുളിപ്പില്ലാത്ത അപ്പം

*തയ്യാറാക്കുന്ന രീതി*

പുളിപ്പില്ലാത്ത അപ്പമുണ്ടാക്കുവാൻ വളരെ എളുപ്പമാണ്. വെള്ളവും മാവുമാണ് അതിന്റെ ചേരുവകൾ

**ചേരുവകൾ :**

**ഒന്ന് അല്ലെങ്കിൽ ഒന്നരക്കപ്പ് ധാന്യപ്പൊടി**

**ഒരു കപ്പ് വെള്ളം**

ഒരു പരന്ന പാത്രത്തിൽ പൊടി എടുത്തു പാകത്തിന് വെള്ളം ഒഴിച്ച് മാവു പരുവത്തിലാക്കുക. ഭംഗിയായ കുഴയ്ക്കുക. അപ്പമുണ്ടാക്കത്തക്ക പാകത്തിൽ വെള്ളം ചേർത്തിളക്കി എടുക്കുക. ദോശക്കല്ലിൽ എണ്ണ പുരട്ടി ചൂടാക്കുക. അപ്പം പരത്തിയെടുത്തശേഷം ദോശക്കല്ലിൽ ചുട്ടെടുക്കുക.

**ലഭ്യമാകുന്നത്:** 1 അപ്പം



"നിങ്ങൾക്കായി
തകർക്കപ്പെട്ട
എന്റെ ശരീരം."
1 കൊരി. 11: 24

# തിരുവത്താഴ അനുഷ്ഠാനം

## ബൈബിൾ പഠന ഉപപാഠം

**പഴയനിയമ പെസഹ**

ഏകദേശം 3500 വർഷങ്ങൾക്കുമുൻപ്, മോശെയും യിസ്രായേൽ മക്കളും ഈജിപ്തിലെ അടിമത്വത്തിൽ നിന്നും പുറപ്പെടുന്ന ചരിത്രസംഭവത്തിനു തൊട്ടു മുൻപുള്ള ഒരു സായാഹ്നം. ദൈവം തന്റെ ജനത്തിനോട് ഊനമില്ലാത്ത ഒരു ആട്ടിൻകുട്ടിയെ യാഗം അർപ്പിച്ച് അതിന്റെ രക്തം കട്ടിളക്കാലിന്മേൽ പുരട്ടുവാനും പറഞ്ഞു. ആ രാത്രിയിൽ സംഹാരദൂതൻ ഈജിപ്തിലെ എല്ലാ വീടുകളിലേയും കടിഞ്ഞൂലിനെ ഒക്കെയും സംഹരിക്കുവാൻ കടന്നുപോയി. രക്തം അടയാളമായിരുന്ന വീടുകൾക്ക് സംഹാരത്തിൽ നിന്ന് മോചനം ഉണ്ടായിരുന്നു. ചരിത്രപരവും അത്ഭുതകരവുമായ ആ മോചനത്തിന്റെ ഓർമ്മയ്ക്കായി വർഷം തോറും ആചരിക്കുവാൻ പെസഹ ആചരിച്ചു. (പുറപ്പാട്. 12:12-15)




**തിരുവത്താഴത്തിന്റെ അനുഷ്ഠാനം യേശു സ്ഥാപിച്ചു.**

1500 വർഷങ്ങൾക്കുശേഷം യേശു തന്റെ ശിഷ്യന്മാരുമായി പെസഹ കഴിക്കുവാൻ ഇരുന്നു (ലൂക്കൊസ് 22: 7-16) ഏതാനും മണിക്കൂറുകൾക്കകം മാനവരാശിയ്ക്കു വേണ്ടി ഒരു യാഗത്തിനുള്ള ആട്ടിൻകുട്ടിയെ പോലെ അവിടുന്ന് ക്രൂശിയ്ക്കപ്പെടുമെന്ന് യേശുവിന് അറിയാമായിരുന്നു. പുളിപ്പില്ലാത്ത അപ്പവും മുന്തിരിയുടെ അനുഭവമായ വീഞ്ഞു നിറച്ച പാനപാത്രവും എടുത്ത് ആദ്യത്തെ തിരുവത്താഴം ആചരിച്ചു. (മത്തായി 26-29) ഈ അനുഷ്ഠാനം ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെടുകയും പൗലൊസ് ഉറപ്പിച്ച് നൽകുകയും ചെയ്തു. ''ഞാൻ കർത്താവിൽ നിന്ന് പ്രാപിക്കുകയും നിങ്ങൾക്ക് ഏൽപ്പിക്കുകയും ചെയ്യുന്നത് എന്തെന്നാൽ'' 1 കൊരി. 11: 23)

പെസഹയുടെ കാര്യത്തിൽ എന്നതുപോലെ, ക്രിസ്തുവും പുതിയ നിയമ കാലഘട്ടത്തിൽ സ്മരണയ്ക്കായുള്ള ഒരു അനുഷ്ഠാനമാണ് സ്ഥാപിച്ചത്. യേശുക്രിസ്തുവിന്റെ രക്തത്താൽ നിത്യമായ മരണത്തിൽ നിന്നാണ് മനുഷ്യരാശി രക്ഷ പ്രാപിച്ചത്. യേശുക്രിസ്തുവാകുന്ന കുഞ്ഞാടിന്റെ രക്തത്താൽ നമുക്ക് ലഭിച്ചിരിക്കുന്ന രക്ഷ എത്രയോ അത്ഭുതമാർന്നതാണ്. ''എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ'' എന്ന് യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു (1 കൊരിന്ത്യർ 11:24).. തിരുവത്താഴത്തിന്റെ ആചരണത്താൽ ദൈവത്തിന്റെ ജനം കർത്താവിന്റെ പീഢാനുഭവങ്ങളെ അനുസ്മരിക്കുന്നു. ''അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു'' (1 കൊരിന്ത്യർ 11:26)

**അപ്പം ക്രിസ്തുവിന്റെ ശരീരത്തെ പ്രതിനിധാനം ചെയ്യുന്നു.**

തിരുവത്താഴം പ്രതീകാത്മക ആശയംകൊണ്ടും അക്ഷരീകമായ അനുഷ്ഠാനംകൊണ്ടും സമ്പുഷ്ടമായ പുതിയ നിയമത്തിലെ ഏതാനും അനുഷ്ഠാനങ്ങളിൽ ഒന്നാണ്. പെസഹയുടെ പുളിപ്പില്ലാത്ത അപ്പമെടുത്ത് ''സ്തോത്രം ചൊല്ലി നുറുക്കി; ഇത് നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ എന്ന് പറഞ്ഞു. (1 കൊരിന്ത്യർ 11:24). ക്രിസ്തുവിനെ ക്രൂശിൽ തറച്ച് കുന്തംകൊണ്ട് അവിടുത്തെ വിലാപ്പുറം കുത്തിത്തുറന്നു. അവിടുത്തെ ശരീരം തകർന്നത് നാം രക്ഷപെടേണ്ടതിനായിരുന്നു. അപ്പം ക്രൂശീകരിക്കപ്പെട്ട ശരീരത്തിന്റെ പ്രതീകമാണ്. തിരുവചനത്തിൽ പുളിപ്പില്ലാത്ത അപ്പം ക്രിസ്തുവിന്റെ ശരീരമായ ദൈവസഭയുടെ പ്രതീകമാണ്. നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? ''അപ്പം ഒന്നാക കൊണ്ട് പലരായ നാം ഒരു ശരീരമാകുന്നു''. (1 കൊരിന്ത്യർ 10:17). അപ്പം പുളിപ്പില്ലാതെ അനേകം ധാന്യമണികൾ ചേർന്ന് ഒന്നായി മുറുകി ഇരിക്കുന്നതുപോലെ വിവിധ പശ്ചാത്തലത്തിലും വ്യക്തിത്വത്തിലുമുള്ള ജനം യേശുക്രിസ്തുവിന്റെ രക്ഷയുടെ ശക്തിയാൽ ഒരുമിച്ച് ചേർന്ന് ഒരു ശരീരമായിത്തീരുന്നു.

**മുന്തിരിരസം ക്രിസ്തുവിന്റെ രക്തത്തേയും സഹനത്തേയും പ്രതിനിധീകരിക്കുന്നു.**

മുന്തിരിവള്ളിയുടെ ഫലത്തിൽ നിന്നുള്ള മുന്തിരിരസമാണ് യേശു ഉപയോഗിച്ചത്. ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തമാണ് അത് പ്രതിനിധീകരിക്കുന്നത് (മത്തായി 26:28). മുന്തിരിരസം, ലഭിക്കുവാൻ ആദ്യം അത് ചതച്ച് പിഴിഞ്ഞെടുക്കണം. ക്രിസ്തു ചാട്ടവാറിനാൽ അടിക്കപ്പെട്ട് ക്രൂശിക്കപ്പെട്ടത് അവന്റെ രക്തത്താൽ നമുക്ക് പാപമോചനം ലഭിക്കുന്നതിനായിരുന്നു. ഓരോ ദൈവ പൈതലിനും ക്രിസ്തുവിന്റെ രക്തത്തിനോടുള്ള കൂട്ടായ്മ ഉണ്ട്. (1 കൊരിന്ത്യർ 10:16)

**കൂട്ടായ്മ എങ്ങനെ നിർവ്വഹിക്കണം**

സഭകൾ പലവിധത്തിൽ കൂട്ടായ്മ നിർവഹിക്കുന്നുണ്ട്. പ്രതീകാത്മകമായ സ്വഭാവത്തിന്റെ പൊരുൾ നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടത് കൂട്ടായ്മയിൽ (തിരുവത്താഴം) പ്രധാന കാര്യമാണ്. യേശു ആദ്യം പുളിപ്പില്ലാത്ത അപ്പമെടുത്തു. അവൻ അത് വാഴ്ത്തി നുറുക്കി അവർക്ക് കൊടുത്തു (മർക്കൊസ് 14:22) ഇതാണ് തിരുവത്താഴം ആചരിക്കുവാൻ ബൈബിളിൽ പറഞ്ഞിരിക്കുന്ന ക്രമം. അനേകം സഭകളിൽ ചെറിയ ചെറിയ അപ്പങ്ങൾ ഉപയോഗിക്കുമ്പോൾ ക്രിസ്തുവിന്റെ ശരീരം തകർക്കപ്പെടുന്നതിന്റെ പ്രതീകം നഷ്ടപ്പെടുന്നു. പിന്നെ യേശു പാനപാത്രം എടുത്ത് സ്തോത്രം ചൊല്ലി അവർക്ക് കൊടുത്തു (മർക്കൊസ് 14:23) അവർ എല്ലാവരും ഒരു പാനപാത്രത്തിൽ നിന്നാണ് പാനം ചെയ്തത്. ഇത് ജഡത്തിന് അത്ര തൃപ്തിയാകുന്നതല്ലെങ്കിലും ആത്മീകതയുടെ വലിയ ഒരു നിഗൂഢ അർത്ഥം അതിനുണ്ട്. ദൈവത്തിന്റെ ജനം കർത്താവിന്റെ കഷ്ടതയുടെ പാനപാത്രത്തിൽ നിന്ന് ഒരുമിച്ച് കുടിക്കുന്നു. ഇതാണ് പങ്കുവയ്ക്കലിനെ സൂചിപ്പിക്കുന്ന യഥാർത്ഥ കൂട്ടായ്മ. ശിഷ്യന്മാരുടെ ആദ്യത്തെ കൂട്ടായ്മ അവസാനിക്കുമ്പോൾ അവർ സ്തോത്രം പാടിയശേഷം ഒലിവ് മലയിലേക്ക് പോയി (മർക്കൊസ് 14:26 ). കർത്താവിന്റെ ശിഷ്യന്മാർ തിരുവത്താഴത്തിന് ചെയ്തതുപോലെ ദൈവജനവും ആ മാതൃകകൾ സ്വീകരിച്ച് ചെയ്യുമ്പോൾ ഒരു പ്രത്യേക അനുഗ്രഹം ഉണ്ട്. ബൈബിളിലെ മാതൃകകൾ തിരുത്തുകയോ മാറ്റുകയോ അരുത്.

**അനുഷ്ഠാനത്തിന്റെ ദുരുപയോഗം**

കൊരിന്തിലെ വിശ്വാസികൾ തിരുവത്താഴം ശരിയായ രീതിയിൽ അല്ലായിരുന്നു അനുഷ്ഠിച്ചത്. പൗലൊസ് അവരെ കുറ്റപ്പെടുത്തി നിർദ്ദേശങ്ങൾ നൽകി (1 കൊരിന്ത്യർ 11: 20–22, 34)

തിരുവത്താഴത്തിന്റെ സമയം അവർ തിന്നുകുടിക്കുന്നതിനുള്ള അവസരമാക്കി. തിരുവത്താഴത്തിന്റെ സ്വഭാവം തന്നെ അവർ തെറ്റിച്ചു. തിന്നുന്നതും കുടിക്കുന്നതും തിരുവത്താഴത്തിന്റെ അവസരത്തിൽ അല്ലെന്നും അതിന് വീടുകൾ ഉപയോഗിക്കണമെന്നും പൗലോസ് നിർദ്ദേശിച്ചു. തിരുവത്താഴം ക്രിസ്തുവിനെ അനുസ്മരിക്കുന്നതിനുള്ള പ്രതീകാത്മക അനുഷ്ഠാനമാണ്.

**വിശ്വാസികൾക്കാണ് തിരുവത്താഴം**

രക്ഷിക്കപ്പെട്ടവർക്കുള്ള അനുഷ്ഠാനമാണ് തിരുവത്താഴം (1 കൊരിന്ത്യ 11: 27–32) അയോഗ്യമായി അപ്പം തിന്നുകയോ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകും എന്ന് പൗലൊസ് പ്രസ്താവിച്ചു. ഓരോ വ്യക്തിയും തന്നെത്താൻ ശോധന ചെയ്ത് വേണം തിരുവത്താഴത്തിൽ പങ്കുചേരുവാൻ; അത് ശുശ്രൂഷയുടെ മേൽനോട്ടത്തിൽ ഉൾപ്പെടുന്നതല്ല. തിരുവത്താഴം രക്ഷയുടെ അനുഭൂതിക്കും അപ്പുറമായി സ്വയ പരിശോധനയുടെ സമയമാണ്. ഒരുവന്റെ ജീവിതം സ്വഭാവം, തൊഴിൽ, മനോഭാവം മുതലായവ എല്ലാം പരിശോധിക്കുവാനുള്ള സമയമാണ് തിരുവത്താഴം. തിരുവത്താഴത്തിൽ അയോഗ്യമായി പങ്കുചേരുന്നതിനാൽ പലരും രോഗികളും, ബലഹീനരും ആകുകയും



> "ദൈവത്തിന്റെ സഭ കർത്താവ് മടങ്ങി വരുവോളം തിരുവത്താഴം ആചരിക്കുന്നതിൽ വിശ്വസ്തരായിരിക്കട്ടെ".

ചിലർ നിദ്രകൊള്ളുകയും ചെയ്യുന്നു. ആത്മീകമായ ഈ കുറവ് നിത്യനാശത്തിന് കാരണമാകുന്നില്ലെങ്കിലും ന്യായവിധിയ്ക്കായി ദൈവത്തെ പ്രകോപിപ്പക്കുന്നതാണ്. ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിന് ദൈവം അവരെ ബാലശിക്ഷ കഴിയ്ക്കുകയാണ് ചെയ്യുന്നത് (1 കൊരിന്ത്യർ 11:29,32). വളരെ സൂക്ഷ്മതയോടും ബഹുമാനത്തോടും കൂടെ അനുഷ്ഠിക്കേണ്ട ഒരു പ്രവൃത്തിയാണ് തിരുവത്താഴം.

**എല്ലാ തലമുറയും ആചരിക്കേണ്ടതിന് കല്പന**

എല്ലാ തലമുറയിലും ആചരിച്ചു പോരേണ്ടതിനുള്ള അപ്പൊസ്തോലിക പാരമ്പര്യമാണ് തിരവത്താഴം. ''നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിക്കുവിൻ'' (മത്തായി 28:20) യേശു പഠിപ്പിച്ചു. ''ഞാൻ നിങ്ങളെ ഏൽപ്പിച്ച കല്പനകളെ പ്രമാണിക്കുവാൻ'' പൗലൊസ് നിർദ്ദേശിച്ചിട്ടുണ്ട്. (1 കൊരിന്ത്യർ 11:2) ''എന്റെ ഓർമ്മയ്ക്കായ് ചെയ്യുവിൻ'' എന്ന് യേശുവും പറഞ്ഞു. (1 കൊരിന്ത്യർ 11:25) ദൈവത്തിന്റെ സഭ കർത്താവ് മടങ്ങിവരുവോളം അവിടുത്തെ യാഗത്തെ അനുസ്മരിക്കാം. തിരുവത്താഴം ആചരിക്കുന്നതിൽ വിശ്വസ്തമായിരിക്കട്ടെ.

## ചോദ്യവും ഉത്തരവും

**തിരുവത്താഴം നടത്തുന്നതിനുള്ള സമയപരിധി എങ്ങനെയാണ്?**

തിരുവത്താഴം ആചരിക്കുന്നതിനുള്ള വ്യക്തമായ നിർദ്ദേശം സഭയ്ക്ക് നൽകിയിട്ടുണ്ട്. പങ്കെടുക്കുവാൻ വിസമ്മതിക്കുന്നവരുടെ ആത്മീയ ആവശ്യങ്ങൾ അവർ ദൈവവുമായി പങ്കുവയ്ക്കേണ്ടതുണ്ട്.

തിരുവത്താഴത്തിൽ പങ്കെടുക്കുന്നതിന്റെ സമയപരിധി യേശു സഭയോട് പറയുന്നില്ല. "ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും" എന്നാണ് അവിടുന്ന് പറഞ്ഞിരിക്കുന്നത്. സമയപരിധി പങ്കെടുക്കുന്ന വ്യക്തിയിൽ നിക്ഷിപ്തമായ കാര്യമാണ്. വർഷത്തിൽ ഒരിക്കൽ മാത്രം ആചരിച്ചുപോരുന്ന പെസഹ പെരുന്നാളിന് ശേഷമാണ് ക്രിസ്തു, ഇത് മാതൃകയാക്കിയത് എന്നുള്ളത് ശ്രദ്ധേയമാണ്.

ചിലയാളുകൾ ആഴ്ചയിൽ ഒരിക്കലോ അതിൽ കൂടുതലോ സമയം തിരുവത്താഴത്തിൽ പങ്കെടുക്കുന്നു. അതിൽ തെറ്റ് ഇല്ലെങ്കിലും പിന്നീട് അത് ചടങ്ങായി മാറുമെന്നുള്ള അപകടം ഉണ്ട്. ചില ആളുകൾ സ്ഥിരമായി തിരുവത്താഴത്തിൽ പങ്കുചേരുന്നത് ഒരു സംരക്ഷണമായി കരുതുന്നത് മറ്റൊരു അപകടമാണ്. തിരുവത്താഴം ആചരിക്കുന്നതിൽ നിന്നല്ല രക്ഷ വരുന്നത്. കൃപയാൽ വിശ്വാസം മൂലമുള്ള രക്ഷ, കൊണ്ടുവരുന്നതാണ് വിശുദ്ധജീവിതം.

**കുട്ടികൾ തിരുവത്താഴം എടുക്കാമോ?**

തിരുവത്താഴം എടുക്കുന്നതിനുള്ള പ്രായപരിധി തിരുവചനം നൽകിയിട്ടില്ലെങ്കിലും ചില യോഗ്യതകൾ നിർദ്ദേശിക്കുന്നുണ്ട്. മനുഷ്യൻ തന്നെത്താൻ ശോധനചെയ്തിട്ടുവേണം (1 കൊരിന്ത്യ 11:28) എന്ന് സംശയത്തിന് വകയില്ലാതെ പറഞ്ഞിട്ടുണ്ട്.

രക്ഷിക്കപ്പെട്ടവർ മാത്രം പങ്കെടുക്കേണ്ട ഒന്നാണ് തിരുവത്താഴം. രണ്ടുവയസ്സ് മാത്രം പ്രായമുള്ള ഒരു കുട്ടിക്ക് തന്നെത്താൻ ശോധന ചെയ്യുവാനുള്ള കഴിവില്ല. ശിശുസ്നാനം ബൈബിൾ പഠിപ്പിക്കുന്നതിന് വിപരീതമായതിനാൽ, തിരുവത്താഴത്തിൽ കുട്ടികൾ പങ്കുചേരുന്നതും ബൈബിൾ പഠിപ്പിക്കുന്നതിന് വിപരീതമാണ്. കുട്ടികൾ ഏതു പ്രായത്തിൽ തിരുവത്താഴത്തിൽ പങ്കെടുക്കണമെന്ന് തീരുമാനിക്കേണ്ടത് മാതാപിതാക്കന്മാരുടെ ഉത്തരവാദിത്വമാണ്. മാതാപിതാക്കന്മാർ കുട്ടികളെ വിശുദ്ധജീവിതത്തിൽ അഭ്യസിപ്പിച്ച് വളർത്തുമ്പോൾ വീണ്ടും ജനനം പ്രാപിച്ചവർക്കു മാത്രം വേർതിരിക്കപ്പെട്ടതാണ് തിരുവത്താഴം. ആ ശുശ്രൂഷയുടെ ഗൗരവം കുട്ടികൾ തിരിച്ചറിഞ്ഞ് വേണ്ട ബഹുമാനം കൊടുക്കണം. ഒരു കുട്ടി തിരുവത്താഴത്തിൽ പങ്കെടുത്താൻ അവന്/അവൾക്ക് രക്ഷയുടെ അനുഭവം ഉണ്ടായിരിക്കണം.

**അപ്പവീഞ്ഞുകളുടെ വസ്തുമാറ്റത്തെ സംബന്ധിച്ച് എന്തു പറയുന്നു?**

**തെറ്റായ ദൈവശാസ്ത്രത്തിൽ ഉൾപ്പെട്ട ഒന്നാണ് അപ്പവീഞ്ഞുകൾക്ക് രൂപമാറ്റം സംഭവിക്കുന്നു എന്നത്.** റോമൻ കത്തോലിക്ക സഭയാണ് കർമ്മങ്ങളുടെ മദ്ധ്യത്തിൽ അപ്പവും വീഞ്ഞും, അത് അങ്ങനെതന്നെ ഇരിക്കുന്നു എങ്കിലും, ക്രിസ്തുവിന്റെ ശരീരവും രക്തവുമായി രൂപമാറ്റം സംഭവിക്കുന്നു എന്ന സിദ്ധാന്തം പഠിപ്പിക്കുന്നത്. "ഇത് എന്റെ ശരീരം. ഇത് എന്റെ രക്തം" എന്ന് യേശു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നിന്നാണ് ഈ ഉപദേശം കടന്നുവന്നത്. (മത്തായി 26:26, 28)

യേശു അക്ഷരീകമായി അല്ല അങ്ങനെ പറഞ്ഞത്. കാരണം ആ സമയത്തും യേശു തന്റെ ശരീരവും രക്തവും ഉൾക്കൊണ്ടിരുന്നു. ആലങ്കാരികമായിട്ടാണ് യേശു അത് പറഞ്ഞത്. അവിടെ യേശു ഒരു സാമ്യപ്പെടുത്തൽ നടത്തുകയായിരുന്നു. ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോൾ (1 കൊരിന്ത്യർ 11:26) എന്നും എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ എന്ന് ശിഷ്യന്മാരോടും (ലൂക്കൊസ് 22:19) യേശു വ്യക്തമാക്കിയിരിക്കുന്നു. ഇത് വ്യക്തമാക്കുന്നത് അപ്പത്തിലും വീഞ്ഞിലും അവിടുത്തെ ശാരീരികമായ സാന്നിദ്ധ്യം ഇല്ല എന്നാണ്. അപ്പവും, മുന്തിരിയുടെ ചാറും യേശുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും പ്രതീകം മാത്രമാണ്. MWS



Printed matter only
**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**

പിന്നെ അവർ സ്തോത്രം പാടിയശേഷം ഒലിവുമലയിലേക്കു പോയി - മർക്കൊസ് 14:26.

സ്തോത്രം അഥവ ഹല്ലേലുയ്യ പാടിക്കൊണ്ടാണ് യെഹൂദന്മാർ പെസഹ ആചരിച്ചത്. അത് സങ്കീർത്തനങ്ങൾ 113-118 വരെയുള്ള ഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ്. സ്തോത്രഗീതങ്ങളായ 113,114 സ്നേഹവിരുന്നിന് മുൻപും 115 മുതൽ 118 വരെ സമാപനത്തിലും പാടിയിരുന്നു.

യേശുവും ശിഷ്യന്മാരും ഒലിവുമലയിലേക്ക് പോകുന്നതിനു മുൻപ് ഈ സ്തോത്രഗാനമാണ് പാടിയത്.

if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

തക്കസമയത്ത് പറഞ്ഞ വാക്ക്

# അവന്റെ കഷ്ടതയിലുള്ള കൂട്ടായ്മ

എന്റെ കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനം നിമിത്തം...... അവന്റെ മരണത്തോട് അനുരൂപപ്പെട്ട് അവനെയും അവന്റെ കഷ്ടങ്ങളുടെ കൂട്ടായ്മയും അനുഭവിച്ചറിയേണ്ടതിനും.. ഫിലിപ്യർ 3:8-10



അപ്പൊസ്തലനായ പൌലൊസ്, ക്രിസ്തുവിന്റെ ജീവിതത്തെയും ശക്തിയേയും അനുഭവിച്ചറിയേണ്ടതിന് തനിക്കുള്ളതെല്ലാം ഉപേക്ഷിച്ച് ചവറ് എന്ന് എണ്ണി. തന്റെ വിശ്വാസത്തിനുവേണ്ടി ശിരസ്സ് ഛേദിക്കപ്പെട്ടു എന്നാണ് വിശ്വസിക്കപ്പെടുന്നത്. അദ്ദേഹത്തിന്റെ ലേഖനങ്ങളുടെ അടിസ്ഥാനത്തിൽ ജീവിതത്തിലെ മറ്റ് പ്രതികൂലങ്ങളെ സ്വീകരിച്ചതുപോലെതന്നെ ഇതും സ്വീകരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു.

കർത്താവായ യേശു, സ്വർഗ്ഗമഹിമകളെ വെടിഞ്ഞ് ഈ പാപലോകത്തിലെ ജീവിതം അനുഭവിച്ച് നമ്മുടെ പാപത്തിന് പരിഹാരം യാഗമായിത്തീർന്നു. നാം ദാനമായി പ്രാപിച്ച രക്ഷയ്ക്കും നിത്യജീവനും നാം കടപ്പെട്ടിരിക്കുകയും, പകരം നൽകുവാൻ നമ്മുടെ പക്കൽ ഒന്നുമില്ലാതെയും ഇരിക്കുന്നു. ക്രിസ്തുവിന്റെ കഷ്ടതയിൽ പങ്കുചേരുന്നത് ഒരു പ്രശംസയും അനുഗ്രഹവുമാണ്.

ഓറിഗൺ, ഒരു ആദിമകാലപണ്ഡിതൻ പറയുന്നത് പത്രൊസിന്റെ ഗുരുവും നാഥനുമായ ക്രിസ്തു മരിച്ച പ്രകാരം മരിക്കുവാൻ താൻ യോഗ്യനല്ലെന്നും, അതിനാൽ തലകീഴായി ക്രൂശിക്കുവാൻ ആവശ്യപ്പെട്ടു എന്നുമാണ്.

നമ്മുടെ കഷ്ടതകൾ ക്രിസ്തുവിന്റെ കഷ്ടതകളുമായി താരതമ്യം ചെയ്യുവാൻ കഴിയുന്നതല്ല. അവിടുന്ന് ഉപേക്ഷിക്കപ്പെട്ടു, ഒറ്റിക്കൊടുക്കപ്പെട്ടു, തിരസ്കരിക്കപ്പെട്ടു, ദൂഷണമാരോപിക്കപ്പെട്ടു, തെറ്റിദ്ധരിക്കപ്പെട്ടു, മുഖത്തു തുപ്പി, ചാട്ടവാറുകൊണ്ട് അടിയേറ്റ് ക്രൂശിക്കപ്പെട്ടു. ഓ, ദൈവത്തിന്റെ പൈതലേ കഷ്ടതയുടെ നടുവിൽ തളർന്നും നിരാശപ്പെട്ടും പോകരുത്. “ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും” (1 പത്രൊസ് 4: 13)

MWS



Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**